# കേരം – ഒരു ക്രിസ്തീയ വീക്ഷണത്തിലൂടെ

## ജീ. എം. ജോൺ – തിരുവല്ലാ

കേരളം എന്നുപറഞ്ഞാൽ കേരം വിളയുന്ന നാട്. നാളികേരത്തിന്റെ ഭണ്ഡാരമാണു കേരളം. അപ്പോൾ കേരവൃക്ഷത്തെക്കുറിച്ച് അഥവാ തേങ്ങയുണ്ടാകുന്ന തെങ്ങിനെക്കുറിച്ച് വേദപുസ്തക പശ്ചാത്തലത്തിൽ അല്പനേരം ചിന്തിക്കുവാനാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നത്.

ഒന്നാം സങ്കീർത്തനത്തിന്റെ 1 മുതൽ 4 വരെയുള്ള വാക്യങ്ങൾ ഇപ്രകാരം വായിക്കുന്നു:

"ദുഷ്ടന്മാരുടെ ആലൊചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്നവൻ ഭാഗ്യവാൻ. അവൻ ആറ്റരികത്തു നട്ടിരിക്കുന്നതും തക്ക കാലത്തു ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും; അവൻ ചെയ്യുന്നതൊക്കെയും സാധിക്കും".

പ്രൈമറിസ്കൂളിൽ പഠിക്കുന്ന കാലത്ത് തെങ്ങു കല്പവൃക്ഷമാണെന്നു പഠിച്ചിട്ടുണ്ട്. അടിമുടി അതിന്റെ ഉപയോഗത്തെക്കുറിച്ചു കേട്ടിട്ടുണ്ട്, എഴുതിയിട്ടുണ്ട്. എന്നാൽ ആ ഉപയോഗങ്ങൾ എല്ലാം ഒരു ആത്മീയവീക്ഷണത്തിലൂടെ ഉരുവിടുകമാത്രമാണിവിടെ ചെയ്യുന്നത്. മുകളിലുദ്ധരിച്ച സങ്കീർത്തനം മനുഷ്യനെ പ്രകൃതിയിലുള്ള ഒരു സൃഷ്ടിയുമായി ഉപമിക്കയാണ്. മാനവരാശിയുടെ ആത്മീയപോഷണത്തിനായി വേദപുസ്തകത്തിൽ ഉടനീളം ഉപമകൾ പ്രസ്താവിച്ചിരിക്കുന്നു. ക്രിസ്തുയേശു ഉപമകളിൽ കൂടി നമ്മെ പഠിപ്പിക്കുന്നു. ഉപമകൾ നമ്മുടെ ചിന്താമണ്ഡലത്തിന്റെ ആഴങ്ങളിലേക്കു ഇറങ്ങിച്ചെല്ലുന്നു; വേരുറയ്ക്കുന്നു. ദൈവസന്നിധിയിൽ നാം നമ്മെത്തന്നെ പരിപൂർണ്ണമായി സമർപ്പിക്കുമ്പോൾ പ്രതിസന്ധികളിലും പ്രയാസങ്ങളിലും ഈ ഉപമകൾ ഹൃദയാന്തരത്തിൽ നിന്നും പൊങ്ങി വരുന്നു. നമുക്കു ആശ്വാസവും ശക്തിയും പകരുന്നു

ദൈവം നമുക്കു തന്നിരിക്കുന്ന വാഗ്ദാനവും വരവും സങ്കീർത്തനക്കാരൻ വളരെ ലളിതമായ ഉപമയിൽക്കൂടി നമ്മെ മനസ്സിലാക്കിക്കുന്നു. നീ ഭാഗ്യവാനാണ്. നീ ചെയ്യുന്നതൊക്കെയും സാധിക്കും. നീ ഒരിക്കലും വാടിപ്പോകയില്ല അഥവാ തളർന്നുപോകയില്ല. തക്കകാലത്തു നീ ഫലം പുറപ്പെടുവിക്കും. ഈ യോഗ്യതകൾക്കെല്ലാം അർഹനാകുവാൻ നാം എന്തുചെയ്യണം എന്നുള്ളത് ആദ്യഭാഗത്തു തന്നെ കൊടുത്തിരിക്കുന്നു. ദുഷ്ടന്മാരെയും പാപികളെയും പരിഹാസക്കാരെയും കൂട്ടുപിടിക്കാതെ ദൈവം അരുൾചെയ്തിട്ടുള്ള നിയമങ്ങളിലും കല്പനകളിലും സന്തോഷം കണ്ടെത്തി അവയെ ഹൃദിസ്ഥമാക്കി പ്രമാണിച്ചു നടക്കുന്ന ഏവർക്കുമുള്ള വാഗ്ദാനം എത്ര അഭികാമ്യമാണെന്നു ഒരുനിമിഷം ആലോചിച്ചുനോക്കൂ.

ഇനി നമുക്കു കേരവൃക്ഷത്തിലേക്ക് ഒന്നെത്തിനോക്കാം. കേരളീയരുടെ കല്പവൃക്ഷം ജീവവൃക്ഷമായി കരുതാം. അതിന്റെ ഘടന, പ്രയോജനങ്ങൾ എന്നിവ ആലൊചിക്കാം. ഒറ്റ നോട്ടത്തിൽ നേരെ വളരുന്ന മരമാണല്ലോ തെങ്ങ്. അതിനു മറ്റുമരങ്ങളെപ്പോലെ വളവുകളില്ല, മുഴകളില്ല, കൊമ്പുകളില്ല. കപടത്തിന്റെയും വക്രതയുടെയും കളവുകളുടെയും വളവുകളില്ലാത്ത, പാപത്തിന്റെ മുഴകളില്ലാത്ത, സാത്താന്റെ പരീക്ഷണങ്ങളായ കൊമ്പുകളില്ലാത്ത ഒരു ജീവിതം നയിക്കുവാനായി നമ്മെ ഓർമ്മപ്പെടുത്തുന്നത് തെങ്ങിന്റെ നേരെയുള്ള വളർച്ചയാണ്. ഈ കാപട്യമാർന്ന ലോകജീവിതത്തിൽ ദൈവത്തിനുവേണ്ടി നേരെ നില്ക്കുക. ദൈവഹിതം എന്തെന്നറിഞ്ഞു ജീവിക്കുക. യേശയ്യാ പ്രവാചകൻ പറഞ്ഞതുപോലെ – കർത്താവിന്റെ വഴി നേരെ ആക്കുവിൻ.

തേങ്ങിൻതടി തൂണുകൾക്കായും, ചെറിയ പാലങ്ങൾക്കായും ഉപയോഗിക്കാറുണ്ടല്ലോ. അവ ബലമുള്ള താണ്, ശക്തിയുള്ളതാണ്, ഭാരമുള്ളതാണ്. നമുക്ക് ഒറ്റയ്ക്കു പൊക്കുവാൻ സാധിക്കയില്ല. നാം

വിശ്വാസത്തിന്റെ ബലവും ശക്തിയും പ്രാപിച്ച് പരീക്ഷണങ്ങളിൽ സാത്താനാൽ പൊക്കുവാൻ സാധിക്കാത്തവിധം വളർന്നുകൊണ്ടേയിരിക്ക. പ്രായമുള്ളവർ ചെറുപ്പക്കാരോടു പറയുന്നതു കേട്ടിട്ടുണ്ട്; നീ തെങ്ങുപോലെ തടിയനായല്ലോ – നിന്നെക്കൊണ്ട് എന്തുപ്രയോജനം എന്ന്. പഴമക്കാരുടെ ഈപ്രയോഗത്തിൽ എന്തെല്ലാം ആശയങ്ങൾ ഉറഞ്ഞുകിടക്കുന്നു!

നാരായവേരില്ലാതെ തായ്‌വേരുകളുടെ സഹായത്താൽ ഇത്രയും ഭാരമുള്ള തെങ്ങു നിവർന്നു നിൽക്കുന്നു, വളരുന്നു. അതിന്റെ വേരുകൾ വളരെ ദൂരങ്ങളിലെക്കു വളരുന്നു, തനിക്കാവശ്യമായ വെള്ളവും അന്വേഷിച്ച്. മണ്ണിന്റെ ആഴങ്ങളിലേക്കും പാർശ്വങ്ങളിലേക്കും വളർന്നുകൊണ്ടിരിക്കുന്ന ഈ വേരുകൾ നമ്മെ ഓർമ്മിപ്പിക്കുന്നത് എന്താണ്? ദൈവകൃപയും ജീവജലവുമാകുന്ന നമ്മുടെ ആത്മീയ പോഷണങ്ങൾക്കു വേണ്ടി നമ്മുടെ ഹൃദയത്തിലെ, നമ്മുടെ ബുദ്ധിയിലെ ചിന്തകളാകുന്ന തായ്‌വേരുകളെ വിശ്വാസത്തിന്റെ മണ്ണിലൂടെ വളർന്നുകൊണ്ടിരിക്കുവാൻ സഹായിക്കുക എന്നതാണ്. “കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ” – (2 പത്രോസ് 3:18).

ഇനി നമ്മുടെ കല്പവൃക്ഷത്തിന്റെ ഫലങ്ങളെക്കുറിച്ചു ചിന്തിക്കാം. “നദിക്കു ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്; അതു പന്ത്രണ്ടു വിധം ഫലം കായിച്ചു മാസം തോറും അതതു ഫലം കൊടുക്കുന്നു” – (വെളിപ്പാട് 22:2). ദൈവത്തിനുവേണ്ടി നിലകൊള്ളുന്ന, ദൈവകൃപയിൽ വളർന്നുകൊണ്ടിരിക്കുന്ന ദൈവദാസൻ തന്റെ അനുഗ്രഹങ്ങളിൽകൂടെ, ദൈവം ദാനമായി തന്നിരിക്കുന്ന താലന്തുകളിൽകൂടെ എന്തെല്ലാം ഫലങ്ങൾ നമ്മുടെ ചുറ്റുപാടുമുള്ളവർക്കു നല്കാമെന്നു ഈ മകുടോദാഹരണം വെളിപ്പെടുത്തുന്നു. ഇവ ഓരോന്നായി ശോധന ചെയ്യാം.

തെങ്ങിന്റെ വേരുകൾ ആത്മീയപോഷണത്തിനായി മുന്നേറുന്ന വാഞ്ഛയെ പ്രതീകരിക്കുമ്പോൾ വിശ്വാസമാകുന്ന മണ്ണിൽ ഉറപ്പു ലഭിച്ചുകൊണ്ട് കപടതകളും വക്രതകളുമില്ലാതെ ഉയരങ്ങളിലേക്കു വളരുന്ന ഒരു വിശ്വാസിയെ ദർശിക്കാം. അതിന്റെ ഓലകളിലേക്കു നോക്കൂ. അവ നമുക്കു തണൽ നല്കുന്നു. ഓടുകളും കോൺക്രീറ്റും ഒന്നമില്ലാതിരുന്ന കേരളത്തിലെ വീടുകൾ ഓലമേഞ്ഞതായിരുന്നു. അവ നമുക്കു തണൽ തരുന്നു. ജീവിതത്തിലെ അസഹ്യമായ പ്രതിസന്ധികളും വിമ്മിഷ്ടങ്ങളുമായ വെയിലിൽ നിന്നും മഞ്ഞിൽ നിന്നും മഴയിൽ നിന്നും നമുക്കു തണലായി രൂപാന്തരപ്പെടുന്നു. മേഞ്ഞ ഓലകൾ ഇപ്പോഴും മറകളായി ഉപയോഗിക്കുന്നതു കാണാം. ചുറ്റുമെമ്പാടുമുള്ള പാപങ്ങളെയും അനീതികളെയും നമ്മിൽ നിന്നും അകറ്റി നിർത്തുവാനായി ഇവ സഹായിക്കുന്നു. വയലുകളിലെ വരമ്പുകളും ചിറകളും ബലമായി ഉണ്ടാക്കുവാൻ മേഞ്ഞ ഓലകൾ ഉപയോഗിക്കുന്നു. ഇവ സാത്താന്റെ ഗർജ്ജനം പോലെ ഉയരുന്ന ഒഴുക്കുകളെ ഭദ്രമായി തടഞ്ഞു നിർത്തുന്നു.

അടുത്തത് ഓലകളിലെ ഈർക്കിലുകൾ. ഒരു ഈർക്കിലി നിഷ്പ്രയാസം ഒടിക്കുവാൻ സാധിക്കും. എന്നാൽ അവ ഒരു ചൂലായിത്തീരുമ്പോൾ അതിനെ ഒടിക്കുവാൻ പ്രയാസം. ഐകമത്യം മഹാബലം എന്നുള്ള പഴഞ്ചൊല്ല് ഇവിടെ അന്വർഥമാകുന്നു. അതുമാത്രമോ – ചൂലുകൊണ്ട് നാം അഴുക്കുകളും ചവറുകളുമെല്ലാം തൂത്തുമാറ്റുന്നു. നമ്മുടെ സമൂഹത്തിലെ മലിനതകളെ ഉന്മൂലനം ചെയ്യുവാൻ ക്രിസ്തീയ സഹോദരങ്ങൾ ഒരുമിച്ചു നിന്നാൽ എങ്ങനെ സഹായകരമാകുമെന്ന് ഈ പ്രതിഭാസം വിളിച്ചറിയിക്കുന്നു. കൃത്രിമ റ്റംഗ്ക്ലീനർ ഇല്ലാതിരുന്ന കാലങ്ങളിൽ ഈർക്കിലി നാക്കു വടിക്കുവാനും പല്ലിട കുത്തുവാനുമൊക്കെ ഉപയോഗിച്ചിരുന്നു. അതായത് നാവിനെയും വായെയും ശുദ്ധീകരിക്കുവാൻ. സമർപ്പണം ചെയ്ത ദൈവദാസന്റെ വായിൽ നിന്നും ശുദ്ധ വാക്കുകളും സ്വാന്തന വാക്കുകളുമുയരുന്നു. മാത്രമല്ല, വേണ്ടിവന്നാൽ ചെറിയ ചെറിയ കുസൃതികൾക്കു ചെറിയ ശിക്ഷ നല്കുവാനും ഈർക്കിലി ഉപയോഗിക്കാം. ഉപദേശങ്ങളാകുന്ന ചെറിയ ശിക്ഷകളെ ഇത് ഓർമ്മിപ്പിക്കുന്നു.

ഇനി നമ്മുക്കു തേങ്ങ ഉല്പാദനം ചെയ്യുന്ന കൂമ്പിലേക്കു നോക്കാം. അവ വിടരുമ്പോൾ നാലുഭാഗത്തേക്കും വിടർന്നു അത്ഭുതകരവും ആകർഷണീയവുമായ ശോഭ കണ്ണുകൾക്കു തരുന്നു. നാം നമ്മുടെ ജീവിതത്തെ സ്വയത്തിൽ നിന്നും മറ്റുള്ളവരിലേക്കു വിടർത്തിക്കൊണ്ടു മറ്റുള്ളവർക്കു അനുയോജ്യരും ആകർഷണീയരുമായിത്തീരുക എന്ന പാഠം നമ്മെ പഠിപ്പിക്കുന്നു. കല്യാണ

മണ്ഡപങ്ങളിലും മറ്റു സദസ്സുകളിലും അലങ്കാരവസ്തുക്കളായി വയ്ക്കുന്ന തെങ്ങിൻ പൂങ്കുലകളായി ശോഭിക്കവാൻ ഒരു വിശ്വാസിയെക്കൊണ്ടു സാധിക്കുമെന്നുള്ളതിന്റെ പൊരുളാണിത്. സഭയ്ക്ക് അലങ്കാരമാകുന്ന ശുശ്രൂഷകരായി രൂപാന്തരപ്പെടുവാൻ നാം കടപ്പെട്ടവരാണ്. സമയപൂർത്തിയാകുമ്പോൾ ഈ പൂങ്കുലകളിൽ നിന്നും ആദ്യം വെള്ളയ്ക്കയായി തീർന്നു കാലക്രമേണ രൂപാന്തരപ്പെടുന്ന ഫലമാണല്ലോ തേങ്ങ. ഓരോ കുലകളിലുമുണ്ടാകുന്ന തേങ്ങയുടെ എണ്ണവും, പൊലിപ്പും തെങ്ങിനു കിട്ടുന്ന വളത്തെയും, കാറ്റുവീഴ്ച വരാതെ കാലാവസ്ഥയെയും ആശ്രയിച്ചിരിക്കും. ഒരു വിശ്വാസിയുടെ കാര്യവും ഇപ്രകാരം തന്നെ. സത്യവചനമെന്ന ആഹാരവും ദൈവകൃപയെന്ന ജീവജലവും ഒരു ക്രിസ്ത്യാനിയുടെ വളർച്ചയിൽ ബലമേകുന്നു. കൂടുതൽ എണ്ണത്തോടുകൂടിയ ഫലങ്ങൾ, അഥവാ വരും തലമുറയെ അവിടുത്തെ രാജ്യത്തിലേക്കു നയിക്കുവാനും അവകാശികളാക്കുവാനും പരിശുദ്ധാത്മാവിന്റെ നിറവാൽ കാറ്റുവീഴ്ചയുണ്ടാകാത്ത നത്യാനന്ദത്തിലേക്കു വഴി തെളിക്കുന്നു. മത്തായിയുടെ സുവിശേഷം 13–ന്റെ 23–ൽ പറഞ്ഞിരിക്കുന്നതും ഇതുതന്നെയാണ് – "നല്ല നിലത്തു വിതയ്ക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ടു ഗ്രഹിക്കുന്നതു ആകുന്നു; അതു വിളഞ്ഞു നൂറും അറുപതും മുപ്പതും മേനി നല്കുന്നു".

ദൈവം നമുക്കു തന്നിരിക്കുന്ന അനുഗ്രഹങ്ങളെയും താലന്തുകളെയും ദൈവഹിതമനുസരിച്ചു ഉപയോഗിക്കാതെ അവയെ പിശാചിന്റെ ചൊല്പടിക്കു വിട്ടു കൊടുക്കുന്നതു ഈ തെങ്ങിൻ കൂമ്പുകളെ ചെത്തി കള്ളുണ്ടാക്കി ലഹരിപടിപ്പിക്കുന്നതിനോടു താരതമ്യപ്പെടുത്താം. ഈ ഉദാഹരണം നമുക്കു തരുന്ന താക്കീത് – നന്മയെ തിരഞ്ഞെടുത്തു ദൈവരാജ്യത്തിന്റെ കെട്ടുപണിക്കാരായി ക്രിയാത്മകമായി ജീവിക്കണോ അതോ തിന്മയെ തിരഞ്ഞെടുത്തു പൈശാചിക വഴികളിൽപ്പെട്ടു നശീകരണാത്മാവോടെ ജീവിക്കണോ എന്നുള്ളതാണ്. യാക്കോബ് 3–ന്റെ 10–ൽ പറയുന്നത് – "ഒരു വായിൽ നിന്നു തന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു".

അടുത്തതായി നമുക്കു നാളികേരം അഥവാ നന്മയിൽ നിന്നും ഉളവെടുക്കുന്ന ഫലങ്ങളെക്കുറിച്ച് ആലോചിക്കാം. ആത്മീയ ശുശ്രൂഷക്കാരായ പൂങ്കുലകൾ വലുതാകുമ്പോൾ അവ ക്ലാഞ്ഞിലുകളെപ്പോലെ പല സഭാവിഭാഗങ്ങളിൽക്കൂടി അനേകം നാളികേരങ്ങളെ അഥവാ ഫലങ്ങളെ തരുന്നു. അവയിൽ നിന്നും ശ്രേഷ്ടമായിട്ടുള്ളതിനെ വീണ്ടും മുളപ്പിച്ചു തെങ്ങിൻ തൈകളാക്കുന്നു. മറ്റുള്ളവയെ നമ്മുടെ നിത്യോപയോഗത്തിനെടുക്കുന്നു. ഇതു കേവലം പ്രകൃതി നിയമമാണെങ്കിലും ക്രിസ്തീയ ജീവിതത്തിന്റെ പരമാർഥതയെ കാണിക്കുന്നു. ഈ തെങ്ങിൻ വിത്തുകൾ പണ്ടുമുതലേയുള്ള പ്രവാചകന്മാരെയും, വിശുദ്ധന്മാരെയും, അതുപോലെ നിലവിലുള്ള സഭാധ്യക്ഷന്മാരെയും, പട്ടക്കാരെയും, ദൈവവേലയിൽ ഏർപ്പെട്ടിരിക്കുന്ന മറ്റു തിരഞ്ഞെടുക്കപ്പെട്ടവരെയും പ്രതിബിംബിപ്പിക്കുന്നു.

തേങ്ങയുടെ ഘടന ഏവർക്കും സുപരിചിതം തന്നെ. പുറമെയുള്ള തൊണ്ടു ചകിരികളെ കോണ്ടുള്ള ആവരണമാണല്ലോ. സാധാരണ ഗതിയിലുള്ള വെയിലിലും വെള്ളത്തിലും ഉള്ളിലുള്ള തേങ്ങയ്ക്കു കേടുവരാതെ സൂക്ഷിക്കുന്നു. കർത്താവിലുള്ള ധൃഢമായ വിശ്വാസത്തെ, പ്രത്യാശയെ ഇതു സൂചിപ്പിക്കുന്നു. ദൈവകരങ്ങളിലേക്കു പരിപൂർണ്ണമായി സമർപ്പിച്ചു കഴിയുമ്പോൾ, യാതൊരു പൈശാചിക പ്രവണതകളും നമ്മുടെ ആത്മാവിനെ ചഞ്ചലിപ്പിക്കുവാൻ സാദ്ധ്യമല്ല. നേരിയ ഇഴകളായിട്ടുള്ള ഈ ചകിരികൾ പിരിച്ചു കയറും വടവുമൊക്കെ ഉണ്ടാക്കുന്നു. വിശ്വാസികളാകുന്ന ഓരോഇഴകളും കൂടിച്ചേർന്നു ശക്തിമത്തായ കയറുപോലെ ഐക്യതയോടെ, ഒരുമനസ്സോടെ ഒത്തു ചേർന്നുനിന്നാൽ അവയെ പൊട്ടിക്കുവാൻ സാദ്ധമല്ല. ഇതു ഓർമ്മിപ്പിക്കുന്നത് 1 കോരിന്ത്യർ 16–ന്റെ 13–14 വാക്യങ്ങളാണ് – "ഉണർന്നിരിപ്പിൻ, വിശ്വാസത്തിൽ നിലനില്പിൻ, പുരുഷത്വം കാണിപ്പിൻ, ശക്തിപ്പെടുവിൻ. നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്വിൻ".

ഇങ്ങനെ ശക്തിയുള്ളതായ തൊണ്ടിനുള്ളിലാണല്ലോ തേങ്ങ സ്ഥിതി ചെയ്യുന്നത്. അതിന്റെ ഭദ്രതയ്ക്കു വേണ്ടി തൊണ്ടിലും ശക്തിയേറിയ ചിരട്ടയാൽ ആവരണം ചെയ്തിരിക്കുന്നു. ഈ ചിരട്ടകൾ പലവിധത്തിലും ഉപാേഗിക്കുന്നു. പ്രധാനമായും തവികളുണ്ടാക്കുന്നു, ചിരട്ടക്കരിയുണ്ടാക്കുന്നു, ഇ നമായി ഉപയോഗിക്കുന്നു. ഈ തവികള സൂചിപ്പിക്കുന്നതു നമ്മുടെ ഹൃദയങ്ങളിലെ സ്നേഹം മറ്റുള്ളവരിലേക്കു പകർന്നു കൊടുക്കുവാനുള്ള കോരികയായിട്ടാണ്. ചിരട്ടക്കരികൊണ്ടു സ്വർണ്ണപ്പണിക്കാർ

സ്വർണ്ണവും വെള്ളിയും ഉരുക്കുവാൻ ഉപയോഗിക്കുന്നു – ഇ  നമായി ആഹാരപാചകങ്ങൾക്ക് ഉപയോഗിക്കുന്നു. ദൈവകരങ്ങളിൽ സമർപ്പിക്കുന്ന സത്യവിശ്വാസികൾക്കു ക്രിസ്തു കാണിച്ചുതന്ന സ്നേഹമാകുന്ന ഇ  നത്തിൽ കൂടി ഏതു കാഠിന്യഹൃദയരെയും ഉരുക്കുവാൻ കഴിയും. വി: ലൂക്കൊസ് 6:27–28 "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ പകെക്കുന്നവർക്കു ഗുണം ചെയ ചെയ്‌വിൻ. ങ്ങിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ".

ചിരട്ടയ്ക്കുള്ളിലുള്ള മാംസളമായ തേങ്ങ എത്ര പരിശുദ്ധം, രുചിയുള്ളത്, വെണ്മയുള്ളത് – തേങ്ങ ചേർക്കാത്ത പലഹാരങ്ങളും ആഹാരങ്ങളും കേരളിയർക്കു ചുരുക്കം തന്നെ. ക്രിസ്തുവിലായ ഒരുവൻ ഇപ്രകാരം വിശുദ്ധിയോടെ, വെണ്മയോടെ, സ്നേഹമയമായി, മറ്റുള്ളവർക്കു സംതൃപ്തിയേകുന്നവരായി, ആശ്വാസദായകരായി ജീവിക്കുവാൻ ഓർമ്മിപ്പിക്കുന്നു.

തേങ്ങയുടെ ഉപയോഗം വീണ്ടുമുണ്ടല്ലോ. അവ ആട്ടി വെളിച്ചെണ്ണയുണ്ടാക്കുന്നു; അതിന്റെ പിശടു പിണ്ണാക്കായി ഉപയോഗിക്കുന്നു. ശരീരത്തിനു മേനിയേകുന്ന എണ്ണയെപ്പോലെ മറ്റുള്ളവരുടെ ആത്മീയജീവിതത്തിനു മേനി കൂട്ടുവാൻ ക്രിസ്ത്യാനികൾ ബാദ്ധ്യസ്ഥരാണ്. പാചകത്തിനു വെളിച്ചെണ്ണ രുചി കൂട്ടുന്നതുപോലെ ചുറ്റുപാടുമുള്ള സഹചർക്കു അഭികാമ്യമായി ജീവിക്കുക എന്നും ഇതോർമ്മിപ്പിക്കുന്നു. മനുഷ്യർക്കു മാത്രമല്ല മൃഗങ്ങൾക്കും, മറ്റു ജീവനുള്ള ഏതിനും ജീവകാരുണ്യത്തോടെ ജീവിക്കുക എന്ന തത്വവും ഇതിലുൾക്കൊള്ളുന്നു.

അടുത്തതായി തേങ്ങയുടെ ഉള്ളിലുള്ള തേങ്ങാവെള്ളത്തെ നോക്കാം. എത്ര മധുരം – ദാഹിച്ചു പൊരിയുന്ന ഒരാൾക്കു കരിക്കിൻ വെള്ളമോ തേങ്ങാ വെള്ളമോ കിട്ടിയാൽ എന്തൊരാശ്വാസം – രോഗികൾക്കും, ദു:ഖിതർക്കും ആശ്വാസം പകരുന്ന സ്വാന്തന മനസ്സോടെ നാം ആയിത്തീരുവാൻ ഇതു ആഹ്വാനം ചെയ്യുന്നു. ഇനി വർണ്ണിക്കുവാനായി പലതുമുണ്ട് – തെങ്ങിന്റെ ചൂട്ട്, മടൽ, വേര് – ഇവയൊക്കെ തീയെരിക്കുവാൻ നാം ഉപയോഗിക്കുന്നു. രത്നചുരുക്കമായി പറഞ്ഞാൽ കേരളീയരുടെ കേരവൃക്ഷവും അതിന്റെ ഫലങ്ങളും പരിപൂർണ്ണമായും ഉപയോഗപ്രദമാണ്.

വി:മത്തായിയുടെ സുവിശേഷം 3–ന്റെ 10 മുതൽ 12 വരെയുള്ള വാക്യളിൽ യോഹന്നാൻ സ്നാപകൻ പ്രസ്താവിച്ചിരിക്കുന്നതു ശ്രദ്ധേയമാണ് – "ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവട്ടിന്നു കോടാലി വച്ചിരിക്കുന്നു; നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടു കളയുന്നു. ഞാൻ നിങ്ങളെ മാനസാന്തരത്തിന്നായി വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നതേയുള്ളു; എന്റെ പിന്നലെ വരുന്നവനോ എന്നെക്കാൾ ബലവാനാകുന്നു; അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏല്പിക്കും. വീശുമുറം അവന്റെ കയ്യിൽ ഉണ്ടു; അവൻ കളത്തെ മുറ്റും വെടിപ്പാക്കി കോതമ്പു കളപ്പുരയിൽ കൂട്ടിവെക്കയും പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടു കളകയും ചെയ്യും".

2 പത്രോസ് 3–ന്റെ 17 മുതൽ 18 വരെയുള്ള വാക്യങ്ങളോടെ ചുരുക്കട്ടെ – "എന്നാൽ പ്രിയമുള്ളവരേ, നിങ്ങൾ മുമ്പു കൂട്ടി അറിഞ്ഞിരിക്കൊണ്ട്, അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരത വിട്ടു വീണുപോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ, കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ. അവന്നു ഇപ്പോഴും എന്നന്നേക്കും മഹത്വം. ആമേൻ".

-------------------